(സി) ഇതോടനുബന്ധിച്ച് നൽകിയ പത്രമാധ്യമ പരസ്യങ്ങൾക്ക് എന്ത് ചെലവ് വന്നു;

(ഡി) ഈ ചെലവ് നിർവഹിച്ചതു കൊണ്ടുണ്ടായ ഗുണമെന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന തലസ്ഥാനത്ത് നടന്ന കേളികൊട്ടിന് 5,44,324.60 രൂപ (അഞ്ചു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിനാല് രൂപ അറുപത് പൈസ മാത്രം) ചെലവായി. ജില്ലാതലങ്ങളിൽ നടന്ന പരിപാടികൾക്ക് മാനവീയം ഫണ്ടിൽ നിന്നും പണം നൽകിയിട്ടില്ല. ആയതിനാൽ ജില്ലകളിലെ ചെലവിന്റെ കണക്ക് ലഭ്യമല്ല.

(ബി) കേളികൊട്ട് എല്ലാ ജില്ലകളിലും നടന്നു. പൊതുജന പങ്കാളിത്തത്തോടെ നടന്ന പരിപാടികൾക്ക് മാനവീയം ഫണ്ടിൽ നിന്ന് പണമൊന്നും ചെലവഴിച്ചിട്ടില്ല.

(സി) പത്രങ്ങളിൽ പരസ്യം നൽകിയതിന് ഏകദേശം 2,90,225/-രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ജനങ്ങളെ മാനവീയം പരിപാടി എന്തെന്ന് അറിയിക്കാൻ കഴിഞ്ഞു.

19 (433) മാനവീയത്തിന്റെ രക്ഷാധികാരികൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയത്തിന്റെ രക്ഷാധികാരികളിൽ ഒരാളായി കേന്ദ്ര നിയമ വകുപ്പു സഹമന്ത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മദ്ധ്യപ്രദേശിലെ എം.പി. യായ അദ്ദേഹത്തെ കേരളത്തിൽ നടക്കുന്ന മാനവീയം പരിപാടിയിലെ രക്ഷാധികാരിയാക്കിയത് എന്തടിസ്ഥാനത്തിലാണ്;

(സി) മറ്റേതെങ്കിലും സംസ്ഥാനത്തെ എം.പി. മാരെ പ്രസ്തുത പരിപാടിയുടെ രക്ഷാധികാരിയാക്കിയിട്ടുണ്ടോ; എങ്കിൽ ആരെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മദ്ധ്യപ്രദേശിലെ എം.പി. എന്ന പരിഗണനയിലല്ല അദ്ദേഹത്തെ മാനവീയം ഉന്നതാധികാര സമിതിയിൽ രക്ഷാധികാരിയാക്കിയത്. മറിച്ച് മലയാളിയായ ഒരു പാർലമെന്റ് അംഗമെന്ന നിലയിലാണ്.

(സി) ഇല്ല.

20 (434) നെന്മേനി ആസ്ഥാനമായി സംരക്ഷിത ആർക്കിയോളജിക്കൽ പാർക്ക് നിർമ്മിക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് നെന്മേനിയിലെ പുരാവസ്തു പ്രാധാന്യമുള്ള ചരിത്ര വസ്തുക്കൾ സംബന്ധിച്ച് നെന്മേനി സ്വദേശി വി. സനൽകുമാർ സർക്കാരിനേയും പുരാവസ്തു വകുപ്പിനേയും അറിയിച്ചതിനെ തുടർന്ന് 1999 മാർച്ചിൽ നടത്തിയ പ്രാഥമിക ഉദ്ഖനന പ്രവർത്തനത്തിനായി എന്തു തുക പുരാവസ്തു വകുപ്പ് അനുവദിച്ചു;

(ബി) ഉദ്ഖനന പ്രവർത്തനങ്ങൾ എത്ര ദിവസം നീണ്ടുനിന്നു;

(സി) ഉദ്ഖനന പ്രവർത്തനങ്ങളിൽ എന്തൊക്കെ ചരിത്രാവശിഷ്ടങ്ങൾ ലഭിക്കുകയുണ്ടായി;

(ഡി) ഇവ ഏതൊക്കെ കാലഘട്ടങ്ങളിലുള്ളവയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉദ്ഖനന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(എഫ്) ഇവ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന്;

(ജി) ഉദ്ഖനന പ്രവർത്തനം തുടരുന്നതിലേക്കായി സാമ്പത്തിക അനുമതി തേടി പുരാവസ്തു വകുപ്പു സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(എച്ച്) ഇതിലേക്കായി സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ഐ) നെന്മേനിയിൽ നിന്ന് കണ്ടെടുത്ത വിഗ്രഹങ്ങൾ, ശിലാലിഖിതങ്ങൾ, സ്മാരകങ്ങൾ എന്നിവ ആ പ്രദേശത്തു തന്നെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ജെ) ഇതിലേക്കായി നെന്മേനി ആസ്ഥാനമാക്കി ഒരു സംരക്ഷിത ആർക്കിയോളജിക്കൽ പാർക്ക് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 21,949 രൂപ ഇരുപത്തിഒന്നായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) അനുവദിച്ചു.

(ബി) 12 ദിവസം നീണ്ടുനിന്നു.

(സി) ഒരു ശിലാലിഖിതം, ഒരു ശിലാവിഗ്രഹത്തിന്റെ അരയ്ക്ക് മുകളിലുള്ള ഭാഗം, രൂപപ്പെടുത്തിയ മൂന്നു കല്ലുകൾ, ചെമ്പിൽ തീർത്ത ഒരു അപൂർവ ചേര നാണ്യം ഇവ ലഭിക്കുകയുണ്ടായി.

(ഡി) ശിലാലിഖിതം 8-ാം നൂറ്റാണ്ടിലേയും ശിലാവിഗ്രഹം 12-ാം നൂറ്റാണ്ടിലെയും, ചേരനാണയം 11-13 എ.ഡി. കാലഘട്ടങ്ങളിലുള്ളതുമാണെന്ന് അനുമാനിക്കുന്നു.

(ഇ) ഉദ്ഖനന വിഭാഗത്തിന്റെ ശീർഷകത്തിൽ അനുവദിച്ചിരുന്ന ഫണ്ട് തീർന്നു പോയതുകൊണ്ടാണ് ഉദ്ഖനന പ്രവർത്തനം നിർത്തിവച്ചത്.

(എഫ്) ഉദ്ദേശിക്കുന്നുണ്ട്. ഫണ്ട് ലഭ്യമായാലുടൻ ഉദ്ഖനനം പൂർത്തിയാക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) ഇതുവരെ സർക്കാർ കൂടുതലായി തുകയൊന്നും അനുവദിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളിൽ ഏറ്റെടുത്ത പുരാവസ്തുക്കൾ പഠനത്തിനുശേഷം പ്രദർശിപ്പിക്കുന്നതാണ്.

(ജെ) നെന്മേനിയിൽ ഒരു സംരക്ഷിത ആർക്കിയോളജിക്കൽ പാർക്ക് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

21 (435) **വേലുത്തമ്പി ദളവയുടെ പൂർണ്ണകായ പ്രതിമ മണ്ണടിയിൽ സ്ഥാപിക്കുന്നതിന് നടപടി**

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വേലുതമ്പിദളവയുടെ പൂർണ്ണകായ പ്രതിമ അദ്ദേഹം വീരചരമം പ്രാപിച്ച മണ്ണടിയിൽ സ്ഥാപിക്കുന്നതിന് സാംസ്ക്കാരിക വകുപ്പ് എന്നാണ് തീരുമാനമെടുത്തത്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് എടുത്ത നടപടി വിശദീകരിക്കുമോ;

(സി) പ്രതിമാ നിർമ്മാണ ചുമതല ഏറ്റ ആർട്ടിസ്റ്റ് എം.ആർ.ഡി. ദത്തൻ ഗവണ്മെന്റിൽ നിന്നും വാങ്ങിയ തുക തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദീകരിക്കുമോ;

(ഇ) തുക തിരിച്ചു പിടിക്കുന്നതിന് ഗവണ്മെന്റ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ തീയതി വെളിപ്പെടുത്തുമോ;

(ജി) റവന്യൂ റിക്കവറി നടപടി ഗവണ്മെന്റ് സ്റ്റേ ചെയ്തിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്ന്;

(ഐ) പ്രതിമ മണ്ണടിയിൽ സ്ഥാപിക്കാനുള്ള നടപടി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 12.4.1994 ൽ.

(ബി) ഈ പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പിലാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനുവേണ്ടി 1.205 ഏക്കർ സ്ഥലം വാങ്ങുന്നതിന് 3,03,250/- രൂപയും (മൂന്ന് ലക്ഷത്തി മൂവായിരത്തി ഇരുന്നൂറ്റി അൻപത് രൂപമാത്രം) പ്രതിമാ നിർമ്മാണത്തിന് 9,96,750/- രൂപയും (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) പ്രതിമാ നിർമ്മാണത്തിന് 9,96,750/-രൂപയും (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി ഒൻപത് രൂപാ മാത്രം) അനുവദിക്കുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ശ്രീ. എം.ആർ.ഡി. ദത്തൻ എറണാകുളം സ്വദേശി ആയതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly